✦

ക്രിസ്തുമസ് കരോൾ ഗാനങ്ങൾ

സമാഹരിച്ചത്

ബിനോ കൊച്ചുമോൾ വർഗീസ്



ഉള്ളടക്കം

1. ഇന്നിതാ വിൺസുതൻ ജാതനായി... 3
2. ഇന്നരാവിൽ കുഞ്ഞാറ്റകിളികളും... 4
3. കണ്ണും കണ്ണും കാത്തിരുന്നു... 5
4. കാഹളങ്ങൾ കേട്ടിടാൻ കർണ്ണപുടങ്ങൾ... 7
5. കിന്നാരം പാട്ടും കുരുവികളെ.. 8
6. ജാതം ചെയ്തല്ലോ മന്നിൽ രാജരാജനായ്... 9
7. താരഗണം ചിരി തൂകും രാവിൽ... 10
8. ദൂതരെ പാടിടുവിൻ 11
9. ദൂരെ നിന്നും ദൂരെ..ദൂരെ.. 13
10. ദൈവം പിറക്കുന്നു... 14
11. പാതിരാവിൽ പാലകനായ് 15
12. പുൽക്കുടിലിൽ കൽത്തൊട്ടിയിൽ... 17
13. ബേതലേം പുരിയിലായ് വന്നുപിറന്ന ഉണ്ണിയേശു... 19
14. മഞ്ഞു വീണ മാമലകൾ... 21
15. മിന്നാമിന്നിപോലെ... 22
16. മുത്തേ മുത്തേ മുത്തേ മുത്തേ പൊന്നോമനെ... 23
17. യഹൂദിയായിലെ ഒരുഗ്രാമത്തിൽ... 25
18. രാജാവിൻ രാജാവെഴുന്നള്ളുന്നു... 26
19. ലോകാധിനാഥൻ മറിയകുമാരൻ... 27
20. ശാന്തരാത്രി തിരുരാത്രി... 28
21. സം സം സംപ്രമായി സംഗമിക്കും തിങ്കളായി 30
22. ഹ ഹ സന്തോഷം യേശു ഭൂവിൽ ജാതനായ്... 31

1 ഇന്നിതാ വിൺസുതൻ...

ഇന്നിതാ വിൺസുതൻ ജാതനായി...
കന്യാമേരിതൻ കണ്മണിയായി...(2)
ഉന്നതവീഥിയിലധിമഹത്വം
മന്നിതിൽ മാനവർക്കതിസന്തോഷം(2)
ഭൂവതിൽ വാണിടും മർത്യരാകേ
ശാന്തി സൗഭാഗ്യങ്ങൾ എന്നും എന്നും....

(ഇന്നിതാ...)

ചെമ്പകപ്പൂമര കൊമ്പുകളിൽ
അമ്പിളിക്കലനല്ലൊരുഞ്ഞാലുകെട്ടി...(2)
ഇമ്പമായ് പാട്ടുകൾ മൂളിമൂളി
മന്ദമാരുതൻ ഊഞ്ഞാലിലാടി.

2 ഇന്നുരാവിൽ കുഞ്ഞാറ്റകിളികളും

ഇന്നുരാവിൽ കുഞ്ഞാറ്റകിളികളും കാട്ടുപൂവും കഥപാടുന്നേ (2)
താരാപദം.....താരാപദം താലോലിക്കാൻ നാഥനേ
മാലാഖമാർ വരവേൽക്കുന്നു (2)

(ഇന്നുരാവിൽ)

ഈ നല്ല രാത്രിയിൽ ഈ യാമത്തിൽ
ഈറനാം മേഘങ്ങൾ കൈകോർക്കുമ്പോൾ (2)
ബേതിലേം എന്നൊരു പുൽക്കൂട്ടിലിൽ
രാജാധിരാജൻ അവതരിച്ചു
കുഞ്ഞാടുകൾ.....
കുഞ്ഞാടുകൾ കൂത്താടുന്നുനാഥനേ
കുഞ്ഞിളം കുഞ്ഞിക്കാ-റ്റീണഠ പാടി (2)

(ഇന്നുരാവിൽ)

പൂത്തിങ്കൾ പൂമാല ഏകുന്നിതാ
പൂവായപൂവെല്ലാം പൂക്കുന്നിതാ
ഈ രാത്രി വെണ്മേഖം ചാഞ്ചാടുമ്പോൾ
ഇളംകാറ്റിൽ കിങ്ങിങ്ങി ആടുംപോലെ...
താരാപദം.....
താരാപദം വരവേൽക്കുന്നു നാഥനേ
മാലാഖമാർ വണങ്ങീടുന്നു

(ഇന്നുരാവിൽ)(2) താരാപദം....

3 കണ്ണും കണ്ണും കാത്തിരുന്നു

കണ്ണും കണ്ണും കാത്തിരുന്ന
മണ്ണിലൊരു പൈതലിനായി
കാതോടു കാതോരം കേട്ടിരുന്ന
ദൈവപുത്രൻ പിറക്കുമെന്ന (2)

(കണ്ണും കണ്ണും... കണ്ണും കണ്ണും കാത്തിരുന്ന...)

ആകാശവീഥിയിൽ മാലാഖാമാരവർ
സ്നേഹത്തിൻ നിറകുടമായ്
തരാട്ടുപാടി ഉറക്കീടുവനായി
മനതാരിൽ നിനച്ചിരുന്ന (2)

ഇത്രനല്ല സ്നേഹത്തെ തന്ന നല്ല നാഥനെ
മെല്ലെ രാവിൽ പാടിസ്തുതിക്കാം (2)

(കണ്ണും കണ്ണും... കണ്ണും കണ്ണും കാത്തിരുന്ന...)

ജീവന്റെ പാതയിൽ കാരുണ്യകനവായ്
കരുണാർദ്രൻ അലിഞ്ഞദിനം
ആലോലംമാട്ടി ലാളിച്ചിടുവാനായ്
കൃപയിൽ നിറഞ്ഞിരുന്ന (2)

ഇത്രനല്ല സ്നേഹത്തെ തന്ന നല്ല നാഥനെ
മെല്ലെ രാവിൽ പാടിസ്തുതിക്കാം (2)

(കണ്ണും കണ്ണും... കണ്ണും കണ്ണും കാത്തിരുന്നു...)

▶ YouTube Link

4 കാഹളങ്ങൾ കേട്ടിടാൻ കർണ്ണപുടങ്ങൾ

കാഹളങ്ങൾ കേട്ടിടാൻ കർണ്ണപുടങ്ങൾ
കർത്താനേശു തൻ്റെ ഈ ജനദിനത്തിൽ
കിന്നരങ്ങളാൽ പാട്ടു പാടിയും
കാണാത്തൊരായിരം കേളിതങ്ങളും

വരു വരു നീ വരു വർണ്ണ മേഘമേ...
തരു തരു നീ തരു സ്നേഹദൂതുമായ്.
താരാപഥങ്ങളെ ഈ ജന്മനാളിനാൽ (2)
താഴെ പോരു നീ താരാട്ട് പാടു നീ (2)

കാറ്റിൻ്റെ താളത്തിൽ മേഘപ്പരപ്പിൽ
ദൂതൻമാർ പാടും ഗീതങ്ങൾ കേട്ട് (2)
വിൺസൂര്യനെ എതിരേൽക്കാൻ
ആട്ടിടയർ കൂട്ടമായി പാടുന്നു. (2)

മനസ്സിൽ നിറഞ്ഞു ആനന്ദത്തിൻ്റെ
മധുരം നുണഞ്ഞൊരുങ്ങി നിൽക്കാം നാം (2)
സമാധാനത്തിൻ രാജാവിനെ സന്തോഷത്താൽ
വാഴ്ത്തി സ്തുതിക്കാം നാം. (2)

5 കിന്നാരം പാടും കുരുവികളെ

കിന്നാരം പാടും കുരുവികളെ
തുമ്പി തുള്ളും തുമ്പികളെ
മഞ്ഞിൻ മലയിൽ തെന്നി തെന്നി നടക്കും
കാറ്റേ ഉണ്ണി ഭ്രജാതനായ്

മണ്ണിൽ മാനവരൊന്നായി ചേർന്നു
ശാന്തി സമാധാനം നേർന്നു
മാനവഹൃദയം ആമോദത്താൽ
രക്ഷകനെ എതിരേൽക്കാൻ
പാടി ഹാലേലൂയ്യാ (2)

ആട്ടിയടന്മാർ രാജാക്കന്മാർ
ഭ്രജ്ഞനാം ഉണ്ണിയെ വന്ദിച്ചു
സത്യവും ജീവനും മാർഗ്ഗവുമായ
രക്ഷകനെ എതിരേൽക്കാൻ
പാടി ഹാലേലൂയ്യാ (2)

▶ YouTube Link

6 ജാതം ചെയ്തല്ലോ മന്നിൽ രാജരാജനായ്

ജാതം ചെയ്തല്ലോ മന്നിൽ രാജരാജനായ്
യേശു പുൽക്കൂട്ടിൽ ഒരു കാലിക്കൂടതിൽ
കന്യകയിൽ ജാതനായ യേശു
നമുക്കായ് അവതരിച്ചു.

വാവാ പോയീടാം ബേതലഹേമിൽ
പോയീടാം
ഉണ്ണിയേശുവേ നമിച്ചിടാം
കന്യകയിൽ ജാതനായ യേശു
നമുക്കായ് അവതരിച്ചു

ആഹാ സന്തോഷം യേശു ഭൂവിൽ ജാതനായ്
ദൂതവൃന്ദങ്ങളും സ്തുതി ഗീതം പാടുന്നു
ആട്ടിടയർ കൂട്ടംകൂട്ടമായി
ഹല്ലേലൂയ്യാ പാടുന്നു

ആഹാ ആഹ്ലാദം വാനിൽ ദൂതർ പാടുന്നു
വാനശാസ്ത്രികളും താരം വാനിൽ കണ്ടല്ലോ
പൊന്നു മൂര് കുന്തിരിക്കവുമായ്
വന്നു വണങ്ങിടുന്നു.

▶ YouTube Link

7 താരഗണം ചിരി തൂകും രാവിൽ

താരഗണം ചിരി തൂകും രാവിൽ
ദൂതഗണം സ്തുതി പാടും രാവിൽ
ഭൂജാതനായ് ഈശോ... ഭൂജാതനായ് ഈശോ...(2)

മഞ്ഞ് പെയ്യും രാവിലിന്ന് മാലാഖമാർ
മാനവർക്കായ് പാടിടുന്ന സമോദമായി
ആട്ടിയടർ കൂട്ടം കൂട്ടമായി
ഹല്ലേലൂയാ പാടുന്നു

പാപം പോക്കിടാൻ പാരിടത്തിൽ വന്നവൻ
പാപികൾക്കായി ജാതനായി
ജാതനായി, നമ്മൾക്കായി
യേശു മറിയത്തിൻ മകനായി...

8 ദൂതരെ പാടിടുവിൻ

ദൂതരെ പാടിടുവിൻ
മോദമായി മണ്ണിലിന്നു
രാജാധിരാജാവു പിറന്നു
പൂമണം ചൊരിയാത്ത പൂമെത്ത ഇല്ലാത്ത
ബേതലേം കാലിക്കൂട്ടിൽ (2)

സൂര്യനുണരും മുൻപേ
ചന്ദ്രനണയും മുൻപേ
ലോകത്തിൻ പാലകനായി ദൈവകുമാരനിന്നു
മണ്ണിലവതരിച്ചു (2)

പാടി പാടി പാടി പാടി പാടി വാഴ്ത്തീടാം
താള മേള വാദ്യഘോഷ സംഘത്തോടൊപ്പം (2)
ഈ മണ്ണേ സ്നേഹിച്ച ദൈവത്തിൻ പുത്രനെ
ആവോളം നമിച്ചീടാം (2)

(ദൂതരേ പാടിടുവിൻ...)

ലോകമറിയും മുൻപേ
കാലങ്ങൾ മാറും മുൻപേ
ദേവാധി ദേവനാം കന്യാതനയാനീ
പുൽക്കൂട്ടിൽ അവതരിച്ചു (2)

വാഴ്ത്തി വാഴ്ത്തി വാഴ്ത്തി വാഴ്ത്തി വാഴ്ത്തി പാടിടാം
താളമേള വാദ്യഘോഷ സംഘത്തോടൊപ്പം(2)
ഈ മണ്ണേ സ്നേഹിച്ച ദൈവത്തിൻ പുത്രനെ
ആവോളം നമിച്ചീടാം (2)

(ദൂതരേ പാടിടുവിൻ...)

▶ YouTube Link

9 ദൂരെ നിന്നും ദൂരെ..ദൂരെ..

ദൂരെ നിന്നും ദൂരെ..ദൂരെ..നിന്നും മരുഭൂവിൻ വഴികളിലൂടെ..
ഒരു കാലിത്തൊഴുത്തു തേടി..മൂന്നു രാജാക്കന്മാരെത്തി.(2)
വാനം തെളിഞ്ഞു നിന്നു ദിവ്യ താരം തിളങ്ങി നിന്നു...(2)
മാലാഖമാരവർ വാനവീഥികളിൽ സ്തുതിഗീതങ്ങൾ പാടി.(2)

മഞ്ഞിൻ തുള്ളികൾ തഴുകിയുറങ്ങും ബേത്ലഹേമിൻ വഴികളിലൂടെ(2)
ഒരു പുൽക്കൂടിൽ തേടി..ദേവസുതനെ തേടി ഇടയന്മാരുമണഞ്ഞല്ലോ..
അവർ കാലിത്തൊഴുത്തു കണ്ടു അവർ സ്വർഗീയ ഗാനം കേട്ടു(2)
മരിയാസുതനായ് പുൽക്കൂട്ടിൽ മരുവും മിശിഹാനാഥനെ കണ്ടു(2)
(ദൂരെ നിന്നും ദൂരെ..)

വെള്ളിനിലാവിൻ കുളിരലയിൽ നീരാടിയെത്തിയ രാക്കുയിലുകൾ (2)
നവ സ്വരമഞ്ചരിയിൽ ഒരു മനസ്സോടെ നാഥനെ വാഴ്ത്തി പാടുന്നു..
വാനം തെളിഞ്ഞു നിന്നു ദിവ്യ താരം തിളങ്ങി നിന്നു...(2)
മാലാഖമാരവർ വാനവീഥികളിൽ സ്തുതിഗീതങ്ങൾ പാടി.(2)
(ദൂരെ നിന്നും ദൂരെ..)

10 ദൈവം പിറക്കുന്നു

ദൈവം പിറക്കുന്നു... മനുഷ്യനായി ബേത്ലെഹേമിൽ
മഞ്ഞുപെയ്യുന്ന മലമടക്കിൽ...
ഹല്ലേലൂയാ..ഹലെലൂയാ (2)
മണ്ണിലും വിണ്ണിലും മന്ദഹാസംപെയ്യും
മധുരമനോഹര ഗാനം..
ഹല്ലേലൂയാ..ഹല്ലേലൂയാ..(2)

(ദൈവം പിറക്കുന്നു...)

പാതിരാവിൽ മഞ്ഞേറ്റീറനായ്..
പാരിൻറെ നാഥൻ പിറക്കുകയായ് (2)
പാടിയാർക്കു വീണമീട്ടൂ...
ദൈവത്തിൻദാസരെ ഒന്നുചേരൂ (2)

(ദൈവംപിറക്കുന്നു...)

പകലോനു മുൻപേ പിതാവിൻറെ ഹൃത്തിലെ
ശ്രീയേകസൂനുവാ-മുദയസൂര്യൻ (2)
പ്രാഭവപൂർണ്ണനായ് ഉയരുന്നിതാ
പ്രതാപമോടിന്നേശുനാഥൻ (2)
(ദൈവംപിറക്കുന്നു..)

11 പാതിരാവിൽ പാലകനായ്

പാതിരാവിൽ പാലകനായ്
പാപികളെ തേടി വന്ന
നല്ലോരിടയനു സ്വാഗതം (2)

കാഹളമുയരുകയായ്
ദിപങ്ങൾ തെളിയുകയായ് (2)
വാന മേഘത്തിൽ മാലഖമാർ
തേരേറി വരുകയായി (2)

ആർത്തുപാടാം ആനന്ദമായ്
പാലകനാം പൈതലിനായ് (2)
താളങ്ങളുയരട്ടെ മേളങ്ങൾ നിറയട്ടെ
സംഗീത സാന്ദ്രമാകും (2)

(പാതിരാവിൽ പാലകനായ്...) (2)

നക്ഷത്രമുയരുകയായ്
ഭവനങ്ങളുണരുകയായ്(2)
മാനവർക്കാനന്ദമേകുവാനായ്
ക്രിസ്തുമസിൻ കൂട്ടരെത്തി (2)

ആർത്തുപാടാം ആനന്ദമായ്
പാലകനാം പൈതലിനായ് (2)
താളങ്ങളുയരട്ടെ മേളങ്ങൾ നിറയട്ടെ
സംഗീത സാന്ദ്രമാകും (2)

(പാതിരാവിൽ പാലകനായ്...)

സ്വാഗതം മന്നിൽ സ്വാഗതം മന്നിൽ
സ്വാഗതം മന്നിൽ സ്വാഗതം (2)

▶ YouTube Link

12 പുൽക്കുടിലിൽ കൽത്തൊട്ടിയിൽ...

പുൽക്കുടിലിൽ കൽത്തൊട്ടിയിൽ
മറിയത്തിൻ പൊൻ മകനായി
പണ്ടൊരു നാൾ ദൈവസുതൻ
പിറന്നതിൻ ഓർമ്മ ദിനം (2)

പോരു മണ്ണിലെ ഇടയന്മാരെ
പാട്ടു വിണ്ണിലെ മാലാഖകളേ (2)
പാട്ടു തംബുരുവും
കിന്നരവും താളവുമായ്

(പുൽക്കുടിലിൽ...)

മെൽഷ്യരും കാസ്പരും
ബെത്തസറും വാഴ്ത്തും
രക്ഷകരിൽ രക്ഷകനാം
മിശിഹാ പിറന്ന ദിനം

(പോരു മണ്ണിലെ..)

ഭൂമിയിൽ ദൈവമക്കൾ
നേടും സമാധാനം
ഉന്നതിയിൽ അത്യുന്നതിയിൽ
ദൈവത്തിനു മഹത്വം (2)

(പോരൂ മണ്ണിലെ..)

▶ YouTube Link

13 ബേതലേം പുരിയിലായ്

ബേതലേം പുരിയിലായ്
വന്ന പിറന്നുണ്ണിയേശു
ലോകപാപം നീക്കുവാനായ്
പാരിതിൽ മനുഷ്യനായ്
വന്നല്ലോ ഈ രാവിൽ നാഥൻ
മറിയത്തിൻ മകനായി മണ്ണിൽ (2)

പോയിടാം കൂട്ടരേ സ്വർല്ലോക നാഥന്റെ
ജനനത്തെ ലോകമെങ്ങും ഘോഷിച്ചീടാം (2)
തപ്പുതാള മേളമോടെ ഒത്തുചേർന്നു പാടിടാം
സ്വർഗ്ഗനാഥൻ ഭൂവിൽ വന്ന സുദിനം
പാട്ടു പാടി ഘോഷിച്ചീടാം – ഇന്ന് –
ആർത്തുപാടി ഘോഷിച്ചീടാം (2)

(തപ്പുതാളമേളമോടെ...)

രാജാധിരാജാവാം ശ്രീയേശുനാഥന്റെ
തൃപ്പാദം കുമ്പിട്ടീടാം (2)
ആമോദരായിന്നു ആനന്ദഗീതികളാൽ
സാമോദം വാഴ്ത്തിപ്പാടാം (2)

(പോയിടാം കൂട്ടരെ...)

അജപാലകരെല്ലാം ആഹ്ലാദത്താലിന്ന
നാഥനെ സ്തുതിച്ചിടുന്നു (2)
ശാസ്ത്രിമാർ മൂവരും കാഴ്ചകളർപ്പിച്ച്
രാജനെ വന്ദിക്കുന്നു (2)

(പോയിടാം കൂട്ടരെ...)

▶ YouTube Link

14 മഞ്ഞു വീണ മാമലകൾ

മഞ്ഞു വീണ മാമലകൾ...
മംഗളങ്ങൾ പാടുകയായ്...
വെള്ളി മേഘ തോരണങ്ങൾ...
വിണ്ണിലെങ്ങും പാറുകയായ്... (2)

അന്പെഴുന്ന കാലം. ഇമ്പമോടെ പാടാം
അങ്ങയുടെ ദൂതർ. തന്നതാണീ സമ്മാനം (2)

(മഞ്ഞു വീണ...)

പുഞ്ചിരിക്കും പൊന്നുമുഖം...
പുൽക്കുടിലിൽ കിടന്നു...
മാലാഖമാർ ഒത്തുകൂടി രാരിരാരോ പാടി..
പൂക്കാലം മഞ്ഞു പൂക്കാലം
മാലോകർക്കെല്ലാം പൂക്കാലം
മാലാഖമാർ പാടുന്നതോ...
പാടുന്നു ഞങ്ങൾപാടുന്നു...

(മഞ്ഞു വീണ....)

15 മിന്നാമിന്നിപോലെ...

മിന്നാമിന്നിപോലെ മിന്നിത്താരമെങ്ങും
കണ്ണീരിൻറെ മണ്ണിൽ മന്നാപെയ്തുവല്ലോ

(മിന്നാമിന്നി...)

ആഹാ.....ഉന്നതനെ വാഴ്ത്തീടാം ഉച്ചസ്വരത്തോടെ
ഓഹോ.....ഭിന്നതയാം ചങ്ങലകൾ പൊട്ടിനുറുങ്ങട്ടെ
(ആഹാ....)

മിന്നിത്താരമെങ്ങും മിന്നാമിന്നിപോലെ
മന്നാപെയ്തുവല്ലോ കണ്ണീരിൻറെ മണ്ണിൽ...

ഇമ്മാനുവേലിൻറെ സ്നേഹം തേടുമ്പോൾ
സമ്മാനം നേടുന്ന മണ്ണിൽ എല്ലാരും
കണ്ണോടുകണ്ണായി കാണാം നാമത്തെ
പുണ്യാഹം പോലെന്നും ഉള്ളിൽകാത്തീടാം...
എങ്ങും ക്രിസ്മസിൻ ആനന്ദം പൂന്തിങ്കളായ്
എൻറെ കരളിൻറെ ഇരുൾമാറ്റി ഉണർവേകീടും (2)

(മിന്നാമിന്നി...)

16 മുത്തേ മുത്തേ മുത്തേ മുത്തേ പൊന്നോമനെ

മുത്തേ മുത്തേ മുത്തേ മുത്തേ പൊന്നോമനെ
നിന്നെ കാണാൻ കൊതിച്ചൊരു നാളിൽ
മഞ്ഞു പെയ്യുന്ന താഴ്വരയിൽ
ഒരു ജീവന്റെ കളിയാട്ടമായ്
മുത്തേ മുത്തേ.. ചക്കര മുത്തേ.. (2)

(മുത്തേ മുത്തേ...)

ദൂരെ ദൂരെ നിന്നും താരകങ്ങൾ പാടി
രാജാധി രാജാവിവൻ
സ്നേഹത്തിൻ തുലിക മന്നിൽ ചലിപ്പിച്ച
ദൈവാധിദൈവമിവൻ (2)

മണ്ണിൽ സ്നേഹം എന്നും വാരി ചൊരിഞ്ഞിടും
സ്വർഗ്ഗീയ നായകനായ് (2)
മുത്തേ മുത്തേ.. ചക്കര മുത്തേ.. (2)

(മുത്തേ മുത്തേ...)

താഴെ ഇന്നു മന്നിൽ മാലോകരെല്ലാം
അലിവേറും നാഥനായ്
കൈത്താളമോടെ വൈക്കോലുകൊണ്ടൊരു
പുൽക്കൂട് പണിതിരുന്നു (2)

സ്വർണ്ണ വർണ്ണം ഏറും പുൽക്കൂട്ടിൽ വാഴുന്ന
ഉലകിന്റെ അധിപതിയെ (2)
മുത്തേ മുത്തേ ചക്കര മുത്തേ (2)

(മുത്തേ മുത്തേ...)

▶ YouTube Link

17 യഹൂദിയായിലെ ഒരുഗ്രാമത്തിൽ

യഹൂദിയായിലെ ഒരുഗ്രാമത്തിൽ
ഒരുധന്യമാസത്തിൻ കുളിരുംരാവിൽ
രാപർത്തിരുന്നരചപാലകർ
ദേവനാദംകേട്ടു ആമോദരായ്....

വർണ്ണരാജികൾ വിടരുംവാനിൽ
വെള്ളിമേഘങ്ങൾ ഒഴുകുംരാവിൽ
താരകാരാജകുമാരിയോടൊത്തന്നതിങ്കൾകലപാടി ഘ്ലോറിയ..
അന്നതിങ്കൾകലപാടി ഘ്ലോറിയ..
താരകം തന്നെ നോക്കീ ആട്ടിടയർ നടന്നു (2)
തേജസ്സു മുന്നിൽക്കണ്ടു അവർ ബേതലേം തന്നിൽ വന്നു(2)
രാജാധിരാജൻറെ പൊൻതിരുമേനി (2)

(വർണ്ണരാജികൾ വിടരും..)

മന്നവർ മൂവരും ദാവീദിൻ സുതനേ.. (2)
കണ്ടുവണങ്ങിടുവാൻ അവർ കാഴ്ചയുമായ് വന്നു (2)
ദേവാദി ദേവൻറെ തിരുസന്നിധിയിൽ (2)
അവർ കാഴ്ചകൾ വച്ചുവണങ്ങി

(യെഹൂദിയായിലേ...)

18 രാജാവിൻ രാജാവെഴുന്നള്ളുന്നു...

രാജാവിൻ രാജാവെഴുന്നള്ളുന്നു
ദേവൻറെ ദേവൻ എഴുന്നള്ളുന്നു
മലർവീഥിയൊരുക്കി മാലാഖമാർ
പുൽമെത്തവിരിച്ചു ഇടയന്മാർ

ഹാലേലൂയ്യാ.....(3)
ഹാ...ലേ...ലൂയ്യാ..... (രാജാവിൻ .....) (ഹാലേലുയ്യ...)

കന്യാമറിയത്തിൻ പുണ്യപുത്രൻ
കൈവല്യരൂപനായ് അവതരിച്ചു (2)
കാലിത്തൊഴുത്തിലേ കൂരിരുട്ടിൽ
കാലത്തിൻ സ്വപ്നം തിളങ്ങിയല്ലോ (2)

(രാജാവിൻ...) (ഹാലേലൂയ്യ...)

കിഴക്കുനിന്നെത്തിയ രാജാക്കന്മാർ
കുഞ്ഞിളം പാദങ്ങൾ തൊഴുതുനിന്നു (2)
കുന്തിരിക്കം കാഴ്ച കൊണ്ടുവന്നു
മീറയും സ്വർണ്ണവും കൊണ്ടുവന്നു (2)

(രാജാവിൻ...) (ഹാലെലൂയ്യ...) (2)

19 ലോകാധിനാഥൻ മറിയകുമാരൻ

ലോകാധിനാഥൻ മറിയകുമാരൻ
പാരിടത്തിൽ വന്നുദിച്ചു. ഓഓഓഓ

പൂർവ്വദിക്കിൽ നിന്നും നാനാദിക്കിൽ നിന്നും
മന്നവന്മാർ വന്നിറങ്ങി
പൊന്ന് മൂര് കുന്തിരിക്കം
കാഴ്ചകളായ് സമർപ്പിച്ച്
പൈതലിനെ വന്ദിച്ചിടുന്നു (2)

(ലോകാധിനാഥൻ മറിയകുമാരൻ)

ആട്ടിടയർ രാവിൽ ദൂതസ്വരം കേട്ടു
ബേതലഹേമിൽ യാത്രയായി
കീറ്റശീല പൊതിഞ്ഞു കാലിക്കൂട്ടിൽ കിടന്ന
പൈതലിനെ കണ്ടുവണങ്ങി (2)

(ലോകാധിനാഥൻ മറിയകുമാരൻ)

▶ YouTube link

20 ശാന്തരാത്രി തിരുരാത്രി...

ശാന്തരാത്രി തിരുരാത്രി
പുൽക്കുടിലിൽ പൂത്തൊരുരാത്രി
വിണ്ണിലെതാരക ദൂതരിറങ്ങിയ
മണ്ണിൻ സമാധാനരാത്രി
ഉണ്ണിപിറന്നു.....ഉണ്ണിയേശുപിറന്നു.....
ഉണ്ണിപിറന്നു ഉണ്ണിയേശുപിറന്നു (2)

(ശാന്തരാത്രി...)

ദാവീദിൻ പട്ടണംപോലെ
പാതകൾ നമ്മളലങ്കരിച്ചു (2)
വീഞ്ഞുപകരുന്ന മഞ്ഞിൽ മുങ്ങീ
വീണ്ടും മനസ്സുകൾ പാ-ടീ
ഉണ്ണിപിറന്നു.....ഉണ്ണിയേശുപിറന്നു.....
ഉണ്ണിപിറന്നു ഉണ്ണിയേശുപിറന്നു (2)

(ശാന്തരാത്രി...)

കുന്തിരിക്കത്താ-ലെ-ഴു-തി
സന്ദേശഗീതത്തിൻ പൂവിടർത്തി (2)
ദൂരെനിന്നായിരം അഴകിൻ കൈകൾ
എങ്ങുമാശംസകൾ തൂകി
ഉണ്ണിപിറന്നു.... ഉണ്ണിയേശുപിറന്നു....

ഉണ്ണിപിറന്ത ഉണ്ണിയേശുപിറന്ത (2)

(ശാന്തരാത്രി...)

21 സം സം സംപ്രമായി സംഗമിക്കും തിങ്കളായി

സം സം സംപ്രമായി സംഗമിക്കും തിങ്കളായി (2)
നസറായൻ പശുക്കുട്ടിൽ പിറന്നോനെ (2)
പിറന്നോനെ പശുക്കുട്ടിൽ താനേ (2)
താരക കൊടിയായി പിറന്നോനെ (2)

(സം സം...)

തത്ത മയിലുകൾ കുയിലുകൾ ആകാശത്തിൽ (2)
ഓർത്താടി പാടിടുന്ന ജയമോടെ
അവർ ഓർത്താടി പാടിടുന്ന ജയമോടെ
പുത്തനായി തത്തകൾ സ്തുതിയേ (2)
പൂർത്തിയായി കേട്ടതും അതിശയമേ (2)

(സം സം...)

ക്ഷിപ്രം ആക്ഷണം ദൂതരങ്ങാകാശത്തിൽ (2)
പാട്ടുകൾ പാടിടുന്ന മോദമോടെ
അവർ പാട്ടുകൾ പാടിടുന്ന മോദമോടെ
ആട്ടിടയർ കൂട്ടവും താനെ (2)
കാട്ടിയ വെളിച്ചവും കണ്ടുടനുണർന്നു (2)

(സം സം...)

▶ YouTube Link

22 ഹ ഹ സന്തോഷം യേശു ഭൂവിൽ ജാതനായ്

ഹ ഹ സന്തോഷം യേശു ഭുവിൽ ജാതനായ്
ബെത്ലഹേമിൽ ഒരു കാലിത്തൊഴുത്തിൽ
ആട്ടിടയർ കൂട്ടം കൂട്ടമായ്
ഹല്ലേലൂയ്യ പാടുന്നു.

പാപം പോക്കിടാൻ
പാരിടത്തിൽ ജാതനായ്
പാപികൾക്കായി ജാതനായ്
ജാതനായി നമ്മൾക്കായി യേശു
മറിയത്തിൻ മകനായ്

(ഹ ഹ സന്തോഷം...)

ഞങ്ങൾക്കാനാന്ദം എന്നും നിൻ്റെ ജനനം
ഞങ്ങൾക്കാമോദം എന്നും നിൻ്റെ സ്തുതിയാൽ
രോഗം ദുഃഖം പീഡയെല്ലാം മാറ്റാൻ
ഭുവിൽ ജാതനായല്ലോ

(ഹ ഹ സന്തോഷം...)

✦

വിവിധ കാലങ്ങളിൽ ഞങ്ങളുടെ പള്ളിയിൽ പാടിയിരുന്ന ക്രിസ്തുമസ് കരോൾ ഗാനങ്ങൾ വരും തലമുറയ്ക്ക് പകർന്ന് നൽകുവാനായി ഇവിടെ സമാഹരിച്ചിരിക്കുന്നു. ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്ന പാട്ടുകൾ എല്ലാം പലകാലങ്ങളിൽ വിവിധ വ്യക്തികൾ രചിച്ചതും പകർന്നുനല്കിയതുമാണ്. ഈ ഗാനങ്ങൾ രചിച്ചവർക്കും, പകർന്ന് തന്നവർക്കും ഹൃദയം നിറഞ്ഞ സ്നേഹവും നന്ദിയും അറിയിച്ചുകൊണ്ട് ഈ സമാഹാരം വായനക്കാർക്ക് സമർപ്പിക്കുന്നു.

— ബിനോ കൊച്ചുമോൾ വർഗീസ്

https://ml.binovarghese.com/